# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലപ്പാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി .16)1929/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 12/01/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലപ്പാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി .16)1929/2022. തീയ്യതി: 12/01/2023

## തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീശൻ . എൻ | ഡെപ്യൂട്ടി ഡയറക്ടർ[ഹ.ഗ്രേ] | 14-10-2022 | 21-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 21-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ശിവൻ പി.എ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി സുനിത ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി വിദ്യ ഒ. കെ. , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. സിജോ തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിനിത വി.ഡി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ജോയ്സി വർഗ്ഗീസ്.പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജ്ഞയ് ഹക്കിം എ.എ | അസി.സെക്രട്ടറി | 01-04-2021 | 31-03-2022 |
| ആഷ കെ.എസ് | അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2021 | 31-03-2022 |
| ഫസീല.കെ.എച്ച് | വി.ഇ.ഒ വലപ്പാട് സർക്കിൾ | 01-04-2021 | 31-03-2022 |
| സറീന കെ.എച്ച് | വി.ഇ.ഒ എടമുട്ടം സർക്കിൾ | 01-04-2021 | 31-03-2022 |
| വൈദേഹി.കെ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 30-10-2021 |
| ഷീനത്ത് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2021 | 31-03-2022 |
| ഡോ.സി.കെ സിൽവൻ | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഫാജിത റഹ്മാൻ എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| റീന.പി.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| രജനി.കെ.പി | ഹെഡ് മിസ്ട്രസ്, ജി.എഫ്.യു.പി.എസ് | 01-04-2021 | 31-05-2021 |
| ചിത്രകുമാർ ടി.വി | ഹെഡ് മിസ്ട്രസ്, ജി.എഫ്.യു.പി.എസ് | 01-06-2021 | 26-10-2021 |
| സജിത | ഹെഡ് മിസ്ട്രസ്, ജി.എഫ്.യു.പി.എസ് | 27-10-2021 | 31-03-2022 |
| ഡോ.എസ് ജയദീപ് | മെഡിക്കൽ ഓഫീസർ,ആയുർവേദ ഡിസ്പെൻസറി | 01-04-2021 | 31-03-2022 |
| അൻസിൽ പി.എം | എഫ്.ഐ ഫിഷറീസ് | 01-04-2021 | 31-03-2022 |
| ഫാത്തിമ സുഹറ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| സ്മിത ജെയിംസ്.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വിവിധ പത്രികകൾ ഓഡിറ്റിന് ഹാജരാക്കാത്തത് | 1-10-1 |
| 11 | വസ്തുനികുതി -സഞ്ചയ സാംഖ്യ പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | ഡിമാന്റ് എൻട്രി ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു | 1-10-3 |
| 13 | വസ്തു നികുതി അഡ്വാൻസ്-സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. | 1-10-4 |
| 14 | ലൈബ്രറി സെസ്സ് -സഞ്ചയ സാംഖ്യ പൊരുത്തമില്ല | 1-10-5 |
| 15 | പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-6 |
| 16 | വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-10-7 |
| 17 | വരവ് രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല. | 1-10-8 |
| 18 | രേഖകൾ ഇല്ലാതെ ജേണൽ എൻട്രി ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും | 1-10-9 |
| 19 | ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല | 1-10-10 |
| 20 | ആസ്തി രജിസ്റ്റർ കാലികമല്ല. | 1-10-11 |
| 21 | ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-10-12 |
| 22 | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. | 1-10-13 |
| 23 | ഡിമാന്റ്-വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-10-14 |
| 24 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല | 1-10-15 |
| 25 | പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക യിൽ നീക്കിയിരിപ്പ് | 1-10-16 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല. | |
| 26 | വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-10-17 |
| 27 | Capital Work In Progress വർക്ക് ഷീറ്റ് ലഭ്യമാക്കിയില്ല | 1-10-18 |
| 28 | തൊഴിലുറപ്പ് പദ്ധതി ആകെ വരുമാനവും റവന്യൂ ചെലവും പൊരുത്തപ്പെടുന്നില്ല | 1-10-19 |
| 29 | ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല. | 1-11 |
| 30 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 31 | തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ | 1-13 |
| 32 | റേഷൻ കട, കള്ള് ഷാപ്പ്, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 33 | വീട് വാസയോഗ്യമാക്കൽ -പണി പൂർത്തിയാക്കിയിട്ടില്ല | 1-15 |
| 34 | അഡ്വാൻസ് തുക കൈപ്പറ്റിനാലു വർഷമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 35 | ശുചിത്വ കക്കൂസ് -നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ് | 1-17 |
| 36 | ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-18 |
| 37 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 38 | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-20 |
| 39 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-21 |
| 40 | ഏകീകൃത സ്വഭാവമുള്ള വാങ്ങലിന് മൊത്തം ആവശ്യകത കണക്കാക്കാതെ പർച്ചേസിംഗ് നടത്തി | 1-22 |
| 41 | സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 42 | പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-24 |
| 43 | ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ-ചെലവു തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 44 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ-മാർഗരേഖ പാലിച്ചില്ല. | 1-26 |
| 45 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 46 | വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരം ഇല്ല | 1-28 |
| 47 | മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് -കെൽട്രോണിൽ നിന്നുള്ള ബിൽ ഹാജരാക്കേണ്ടതാണ് | 1-29 |
| 48 | കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് അനുവദിച്ചു | 1-30 |

| | | |
|---|---|---|
| 49 | മത്സ്യതൊഴിലാളികൾക്ക് ഐസ് ബോക്സും മോട്ടോർ സൈക്കിളും -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല. | 1-31 |
| 50 | നാഷണൽ ഹൈവേ വികസനം-പഞ്ചായത്ത് വക റോഡ് ഭാഗങ്ങൾ ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ് | 1-32 |
| 51 | കരാറുകൾ ആധികാരികമായി ചമക്കുന്നില്ല | 1-33 |
| 52 | പ്രൈസ് സോഫ്റ്റ് വെയർ അപാകത - ഓവർഹെഡ് ചാർജ് അധികം നൽകുന്നു | 1-34 |
| 53 | കാലി ബാരൽ വില ഈടാക്കിയിട്ടില്ല | 1-35 |
| 54 | പഞ്ചായത്ത് ഓഫീസ് നവീകരണം-കരാർ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല | 1-36 |
| 55 | കന്നുകുട്ടി പരിപാലനം - പദ്ധതി പ്രവർത്തനം നിരീക്ഷിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-37 |
| 56 | മൃഗാശുപത്രി കെട്ടിടം -ഫിറ്റ്നസ് ഇല്ല, ശോചനീയാവസ്ഥയിൽ | 1-38 |
| 57 | 97 നമ്പർ അംഗണവാടി തടസ്സം നീക്കി പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ് | 1-39 |
| 58 | തൊഴിലുറപ്പുപദ്ധതി പ്രവർത്തനം | 1-40 |
| 59 | കപ്പാറി മക്ക് വില-പ്രൈസ്, എൻ. ആർ, ഇ. ജി. എസ്. നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ 2021-22 | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്- | 4-5 |
| 6 | ഓഡിറ്റ് റിക്കവറി (2020-21) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 18.02.2021, തീരുമാനം 1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 312969132 | 296453689 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 22.03.2022 തീരുമാനം 4(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 338987343 | 299966404 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-07-2022 | 31-05-2022<br>17.10.22 ഹാർഡ് കോപ്പി സമർപ്പിച്ചു |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് ആന്റ് പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 32503958.99 |
| വരവ് | 130707712 |
| ആകെ | 163211670.99 |
| ചെലവ് | 120359153 |
| നീക്കിയിരിപ്പ് | 42852517.99 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 27300115 | 27300115 | 25500541 | 1799574 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 14099000 | 14099000 | 13697162 | 401838 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 15643534 | 15643534 | 15331145 | 312389 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 8298194 | 8298194 | 5751477 | 2546717 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് BASIC (ACR പ്രകാരം) TIDE | | 5507290<br>9978432 | 5567290<br>9978432 | 4588644<br>5311774 | 918646<br>4666658 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 224 | 134369872 | 184 | 97962445 | 2 | 38 | 72.9% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5569 | 767847 | 773416 | 773415 | 1 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 28872607 | 28872607 | 28872607 | 0 |

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 29646022 രൂപയും 29645774 രൂപയുമാണ്. (248/- രൂപയുടെ വ്യത്യാസം). അപാകത ഖ.1-10-19 ൽ ചേർത്തിട്ടുണ്ട്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2022 തീയതിയിൽ 3:10 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,377/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1200 | 1 |
| കർഷകതൊഴിലാളിപെൻഷൻ | 2802800 | 179 |
| വിധവാപെൻഷൻ | 23774900 | 1550 |
| വാർദ്ധക്യകാലപെൻഷൻ | 51016700 | 3551 |
| വികലാംഗപെൻഷൻ | 6268500 | 408 |
| 50 വയസ്സിന്മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2474800 | 158 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 390000 | 9 |

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പോരായ്മകൾ ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം 1 ലെ വിവിധ ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുണ്ട്.

## 1-10-1 വിവിധ പത്രികകൾ ഓഡിറ്റിന് ഹാജരാക്കാത്തത്

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

## 1-10-2 വസ്തുനികുതി -സഞ്ചയ സാംഖ്യ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ

പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3709770 | 3669782 | 45401 | 9322 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3709770 | 3669782 | 60423 | *9322 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(9797 /105X100)= 9330 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

2.1.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3357625 | 3033897 | 41942 | 296167 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3381601 | 3057873 | 41942 | *296167 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(310985 /105X100=296176) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 67359 | 33740 | 33639 |
| വാർഷികകണക്കിലെ | *62376 | 33740 | **33639 |

| | | | |
|---|---|---|---|
| | | | |
| വിവിധ പത്രികകൾ പ്രകാരം | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (27040+38455/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (35378/105X100) |

2.2.2 നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1612049 | 59661 | 1552389 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1610127 | 59661 | **1552416 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(.328234+1362400=.1690634/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(1630037./105X100)=.1552416 ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 ഡിമാന്റ് എൻടി ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 237 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22-ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-4 വസ്തു നികുതി അഡ്വാൻസ്-സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 4718/- രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42100303 | 31.03.22 | 4718 |

## 1-10-5 ലൈബ്രറി സെസ്സ് -സഞ്ചയ സാംഖ്യ പൊരുത്തമില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)1986197രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431910101-State Govt Levies In Property Tax” എന്ന ശീർഷകത്തിൽ വരേണ്ട തുക 94580 (1986197/105X5 )ആണ്. എന്നാൽ ഈ ശീർഷകത്തിൽ 94680/- രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം പരിഹരിക്കേണ്ടതാണ്.

## 1-10-6 പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി, നികുതിയെതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-10-7 വരവ് രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4 വാടക ഡിമാന്റ് രജിസ്റ്റർ

4.5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

4.6 ലൈബ്രറി രജിസ്റ്റർ

4.7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

## 1-10-8 വരവ് രജിസ്റ്റർ പൊരുത്തപ്പെടുന്നില്ല.

കാഷ് അടിസ്ഥാനത്തിൽ (അക്രൂവൽ അല്ലാതെ) രേഖപ്പെടുത്തുന്ന താഴെ ചേർത്തിരിക്കുന്ന ഇനങ്ങൾ അതാത് വരവ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം വരുമാനമായി ചേർത്ത തുക | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | രജിസ്റ്റർ പ്രകാരം കളക്ഷൻ |
|---|---|---|---|

| | | | |
|---|---|---|---|
| മണ്ണ് ലേലം | 64300 | 64300 | 67300 |
| മരം ലേലം | 8800 | 8800 | 9800 |

## 1-10-9 രേഖകൾ ഇല്ലാതെ ജേണൽ എൻട്രി ചെലവ് എഴുതിത്തള്ളലും വരുമാനമായി ക്രമീകരിക്കലും

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | (5055) |
| 280100104-Prior Period Income-Property Tax On Non Residential Buildings | 2769 |
| 280800101-Prior Period-Establishment Expenses | 55922 |
| 280800701-Prior Period- Miscellaneous Expenses | 20305433 |

## 1-10-10 ജേണൽ എൻട്രികൾക്ക് വൗച്ചറുകൾ അനുബന്ധ രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-11 ആസ്തി രജിസ്റ്റർ കാലികമല്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-12 ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2021-22 വർഷത്തെ Income And Expenditure പത്രിക പ്രകാരം 13998390 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-10-13 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

### 1-10-14 ഡിമാന്റ്-വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

2021-22-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (...... കെട്ടിടങ്ങൾ) | 130100101-Rent From Building | 895538 | 31.3.22 | 42100392 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-15 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ,ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | വൗച്ചർ നമ്പർ | ഡെപ്പോസിറ്റ് തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1. | 247/22-സ്ട്രീറ്റ് മെയിൻ വലിക്കൽ | 22101312/ 18.03.2022 | 477330/- | 410600104 – Electricity Street Lights | 460500202-Advance To Implementing Agencies-KSEB |
| 2. | 274/22-സ്ട്രീറ്റ് മെയിൻ വലിക്കൽ | 22101583/ 09.02.2022 | 21586/- | 251630101-Electricity Line Extension General | 460500202-Advance To Implementing Agencies-KSEB |

മേൽ രേഖപ്പെടുത്തലുകൾ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തേണ്ടതുമാണ്.

### 1-10-16 പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക യിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് അക്കൗണ്ട് നം. | റീകൺസീലിയേഷൻ പത്രിക പ്രകാരം പാസ് ബുക്ക് നീക്കിയിരിപ്പ് | പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| Federal Bank (CFC)- 14250100118624 | 4928770 | 4302654 |

### 1-10-17 വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കും സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും താഴെ ചേർക്കുന്ന ഇനങ്ങളിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം (RP -31) |
|---|---|---|
| 320200111- Development Fund CFC Grant - Tied | 5311774 | 7980000 |
| 320200112- Development Fund CFC Grant - UnTied | 4588644 | 5431360 |

### 1-10-18 Capital Work In Progress വർക്ക് ഷീറ്റ് ലഭ്യമാക്കിയില്ല

31/3/2022-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 3636979/- രൂപയാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/22 വരെ പാർട്ട് ബിൽ നല്കിയതും പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന വർക്ക്ഷീറ്റ് ലഭ്യമാക്കിയില്ല.

### 1-10-19 തൊഴിലുറപ്പ് പദ്ധതി ആകെ വരുമാനവും റവന്യൂ ചെലവും പൊരുത്തപ്പെടുന്നില്ല

പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ 1-6, 1-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും യഥാക്രമം 2,96,46,022/- രൂപയും 2,96,45,774/- രൂപയുമാണ്. 248 രൂപ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

### 1-11 ലൈസൻസ് അനുവദിക്കുമ്പോൾ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനുള്ള ഫീസ് ഈടാക്കുന്നില്ല.

2021-22 സാമ്പത്തിക വർഷത്തെ FTEAOS ലൈസൻസ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മെഷീനറി റണ്ണിംഗ് ഫീസ് ഈടാക്കാത്തതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | മെഷിനറി യൂണിറ്റ് (HP) | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|
| 1. | ആത്മ ഓഫ്സെറ്റ് പ്രസ്സ് | 2.5 HP | 50 |
| 2. | ഗൃഹലക്ഷ്മി ഹോളോബ്രിക്ക്സ് | 9.5 HP | 100 |

| | | | |
|---|---|---|---|
| 3. | ടെക്ക്നിക്കൽ പ്രിന്റിംഗ് പ്രസ്സ് | 1.5 | 50 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും മെഷിനറി ഫീസ് ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 20.10.2022-ലെ നം.25/21-22 ഓഡിറ്റ് അന്വേഷണത്തിന് ഫീ അടവാക്കാത്ത സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ ഒരു സ്ഥാപനം ലൈസൻസ് എടുക്കുമ്പോൾ പ്രസ്തുത സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികളുടെ പവറിന് അനുസൃതമായ ചട്ടപ്രകാരമുള്ള തുക സ്ഥാപനത്തിൽ നിന്നും ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 പാരാമെഡിക്കൽ സ്ഥാപനങ്ങൾ/ആശുപത്രികൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2021-22 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FTEAOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടു.

1. നാഷണൽ മെഡിക്കൽ ലബോറട്ടറി, എടമുട്ടം
2. സുപ്രീം ഡെന്റൽ സെന്റർ, കോതകുളം
3. ആൽഫ പാലിയേറ്റിവ് കെയർ, എടമുട്ടം
4. ആൽഫ പാലിയേറ്റിവ് കെയർ -ഡയാലിസിസ്, എടമുട്ടം
5. മണപ്പുറം ഹെൽത്ത് കെയർ ലിമിറ്റഡ് (മാകെയർ 24 Hr ക്ലിനിക്), വലപ്പാട്

മേൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 20.10.2022-ലെ നം.26/21-22 ഓഡിറ്റ് അന്വേഷണത്തിന് ടി സ്ഥാപനങ്ങൾ നിലവിൽ (2022-23 സാമ്പത്തികവർഷത്തിൽ) FTEOS ലൈസൻസ് നേടി പ്രവർത്തിക്കുന്നുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ [പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് 2020-21 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ ആയതിന് തുടർവർഷത്തിൽ നടപടി സ്വീകരിച്ചിട്ടില്ലെന്ന് ഇതിൽ നിന്നും മനസിലാക്കാം. ആയതിനാൽ രജിസ്ട്രേഷൻ പുതുക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-13 തൊഴിൽ നികുതി സംബന്ധിച്ച അപാകതകൾ

I. കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (II) എ (I) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ ആകെ എത്ര അംഗീകൃത കോൺട്രാക്ടർമാരുണ്ടെന്നും, അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നതിന് 20.10.2022-ലെ ഓഡിറ്റ് അന്വേഷണം നം.23/21-22 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അംഗീകൃത കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

II. ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കണ്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | എടമുട്ടം സ്റ്റീൽസ് | XI/452 | 5 |
| 2. | വില്ലേജ് റസ്റ്ററന്റ് | VII/220 | 8 |
| 3. | QUALITY DECOR | VIII/345D | 4 |
| 4. | കാരപ്പുറത്ത് ഐസ് ഫാക്ടറി | XI/467 | 3 |
| 5. | സിറ്റി സോമിൽ | II/569 | 5 |

| | | | |
|---|---|---|---|
| 6.. | തനിനാടൻ സീഫുഡ് ഫാമിലി റസ്റ്ററന്റ് | V/411-417 | 6 |
| 7.. | OZZOM റസ്റ്ററന്റ് | VII/427B | 5 |

2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 20.10.2022-ലെ നം.24/21-22 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ പ്രവർത്തിക്കുന്നതിനായി ലൈസൻസ് എടുത്ത സ്ഥാപനങ്ങളെല്ലാം തന്നെ അതത് സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-14 റേഷൻ കട, കള്ള് ഷാപ്പ്, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കട, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, ക്രമ നം.132 പ്രകാരം ക്ഷീര സഹകരണ സംഘം എന്നിവയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ 2021-22 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മൂന്ന് റേഷൻ കടകൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത് (ARD No.122,ARD No.124, ARD No.228). മറ്റ സ്ഥാപനങ്ങളൊന്നും തന്നെ ലൈസൻസ് എടുത്തതായി കണ്ടില്ല. ആയതിനാൽ വലപ്പാട് ഗ്രാമപഞ്ചായത്തിൽ ആകെ എത്ര റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വിവരം നൽകേണ്ടതോടൊപ്പം ആയവ 2021-22 സാമ്പത്തിക വർഷത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിൽ വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ 20.10.2022-ലെ നം.27/21-22 ഓഡിറ്റ് അന്വേഷണത്തിന് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 2020-21 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുത അപാകതകൾ ചൂണ്ടി കാട്ടിയിരുന്നുവെങ്കിലും നാളിതുവരെയായി നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്ന് അനുമാനിക്കാവുന്നതാണ്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് പരിധിയിലെ റേഷൻ കടകൾ, കള്ള് ഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയെകൊണ്ട് അടിയന്തിരമായി ലൈസൻസ് എടുപ്പിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 വീട് വാസയോഗ്യമാക്കൽ -പണി പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, എടമുട്ടം

വീട് വാസയോഗ്യമാക്കൽ (എസ്.സി), പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേരും | അനുവദിച്ച തുക |
|---|---|---|
| 1 | രാമൻ ചക്കാണ്ടി | 25000 |
| 2 | രമണി രവി | 25000 |
| 3 | കമല വേലായുധൻ | 25000 |
| 4 | അമ്മിണി കണ്ണോത്ത് | 25000 |

ഓഡിറ്റ് എൻക്വയറിക്ക് (20/20.10.22) മറുപടിയായി ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 അഡ്വാൻസ് തുക കൈപ്പറ്റിനാല്പ വർഷമായിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, എടമുട്ടം

ലൈഫ് ഭവന പദ്ധതി പ്രകാരം 2018-19 വർഷത്തിൽ അഡ്വാൻസ് തുക 40000/- കൈപ്പറ്റിയ സുനിമോൾ,പള്ളത്ത് എന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ റവന്യൂ റിക്കവറി ഉൾപ്പടെയുള്ള

നിയമനടപടികൾ സ്വീകരിക്കുന്നതിന് 9.9.20 തിയതിയിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം (നം 22(1)) എടുത്തിട്ടുണ്ട്. ആയതു പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു കൊണ്ട് 21.1.22 ന് ടിയാരിക്ക് രജിസ്റ്റേഡ് നോട്ടീസ് നൽകിയിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20.10.22) മറുപടിയായി സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം രണ്ടുമാസത്തെ സാവകാശം കൂടി അനുവദിച്ചു തരുന്നതിന് ഗുണഭോക്താവ് അപേക്ഷിച്ചിട്ടുള്ളതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 ശുചിത്വ കക്കൂസ് -നിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ – വി.ഇ.ഒ, വലപ്പാട്

പ്രോജക്റ്റ് 232/21-22

ശുചിത്വ കക്കൂസ് നിർമ്മാണ പദ്ധതി പ്രകാരം അഡ്വാൻസ് തുകയായി 5000 രൂപ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| നമ്പർ | ഗുണഭോക്താവിന്റെ പേരും |
|---|---|
| 1 | വിമല രാഘവൻ |
| 2 | നാണി വെള്ളാനി |
| 3 | രാധ സുകുമാരൻ |
| 4 | സുമന മേനോത്ത് |
| 5 | ഓമന മുരളി |
| 6 | വാസന്തി മണികണ്ഠൻ |
| 7 | ശ്രീമതി അന്തിക്കാട് |
| 8 | സുമംഗല സുരേന്ദ്രൻ |
| 9 | ഷൺമുഖൻ |
| 10 | ബാബു ടി സി |
| 11 | ഉണ്ണികൃഷ്ണൻ |
| 12 | രാധ രാമകൃഷ്ണൻ |
| 13 | കമല രാമൻ |
| 14 | സോമൻ |
| 15 | ശകുന്തള കുമാരൻ |
| 16 | ഷൈനി സന്തോഷ് കുമാർ |
| 17 | കുറുമ്പകുട്ടി |
| 18 | ശാന്ത കല്ലയിൽ |
| 19 | ഓമന പള്ളത്ത് |
| 20 | ബീന ഇരിങ്ങാതുരുത്തി |
| 21 | സുരേഷ് |
| 22 | പ്രമോദ് |

നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/20.10.22) മറുപടിയായി നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-18 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ, എടമുട്ടം

ലൈഫ് ഭവന പദ്ധതി (എസ്.സി), ലൈഫ് ഭവന പദ്ധതി (ജനറൽ) എന്നീ പദ്ധതികൾ പ്രകാരം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| നമ്പർ | പ്രൊജക്ട് | ഗുണഭോക്താവിന്റെ പേരും | അനുവദിച്ച തുക |
|---|---|---|---|
| 1 | 114/21-22 | രമ്യ പാനശ്ശേരി | 300000 |
| 2 | 112/21-22 | രത്ന കുന്നത്ത് | 40000 |
| 3 | 112/21-22 | സീത കുഞ്ഞാണ്ടി | 300000 |
| 4 | 112/21-22 | അഖില ആരപ്പിന്നി | 360000 |

ഓഡിറ്റ് എൻക്വയറിക്ക് (20/20.10.22) മറുപടിയായി ഭവന നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തപക്ഷം ഗുണഭോക്താവിന് അനുവദിച്ച തുക പിഴ പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എ)

| | |
|---|---|
| പ്രൊജക്ട് നമ്പർ | - 122/22 |
| | പാലിയേറ്റീവ് കെയർ പദ്ധതിയിലേക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| അടങ്കൽ | - 7,00,000/ - |
| ചെലവ് | - 7,00,000/ (6,00,000 -വികസന ഫണ്ട്, 1,00,000- ബ്ലോക്ക് വിഹിതം) |

മേൽ പദ്ധതി പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക കൈമാറിയതിൽ നാളിതു വരെ മരുന്ന് ലഭിക്കാത്തതിന്റെ വിവരം താഴെ ചേർക്കുന്നു.

| ട്രഷറി ബിൽ നം/ തീയതി | പ്രൊഫോർമ ഇൻവോയ്സ്/ തുക | കൈമാറിയ തുക | മരുന്ന് ലഭിക്കാനുള്ളത് |
|---|---|---|---|
| 13/ 18.3.22 | PRF-5943/ 19.2.22 | 1,00,000/- | 1,00,000/- |
| 16/ 23.3.22 | PRF-7225 /22.3.22 | 2,00,000 | 185018/- |

ടി മരുന്നുകൾ അടിയന്തിര സ്വഭാവമുള്ളതാകയാൽ ബാക്കി മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാക്കി അറിയിക്കേണ്ടതുമാണ്.
ബി) താഴെ സൂചിപ്പിച്ച മരുന്നുകൾ ലഭ്യമായെങ്കിലും സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

| ട്രഷറി ബിൽ നം/ തീയതി | പ്രൊഫോർമ ഇൻവോയ്സ്/ തുക ഒറിജിനൽ ഇൻവോയ്സ് നമ്പർ ലഭ്യമല്ല | കൈമാറിയ തുക | പരാമർശം |
|---|---|---|---|
| 15/ 23.3.22 | PRF-7194 /21.3.22 | 49485/- | മരുന്നുകൾ പൂർണ്ണമായും ലഭിച്ചു. സ്റ്റോക്കിലെടുത്തിട്ടില്ല. |

മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 6/18.10.2022)

## 1-20 ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

| പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|
| 115/22 കാൻ തൃശ്ശൂർ- വിഹിതം നല്കൽ | 80,000/ | 80,000/- | 14/ 23.3.2022 | ക്യാൻസർ രോഗനിർണ്ണയവും തുടർ ചികിത്സാസംവിധാനങ്ങളും സമഗ്രമായി ലഭ്യമാക്കുന്നതിനുള്ള പ്രോജക്ട് തുക ജില്ലാ പഞ്ചായത്തിന് കൈമാറി | തുക എപ്രകാരം വിനിയോഗിച്ചു എന്നത് സംബന്ധിച്ച ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. സംയുക്ത കരാറിലേർപ്പെട്ടിട്ടില്ല |

ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 6/18.10.2022)

## 1-21 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നമ്പർ | - 113/22 |
| | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | - 200000/ - |
| ചെലവ് | - 200000/ -(മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ബിൽ നം. | 1/22.11.2021 |

PRF – PF 825/23.10.2021 ഇൻവോയ്സ് പ്രകാരം തുക ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. ആയതിൽ 103425/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമായത്. ബാക്കി മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/18.10.2022)

## 1-22 ഏകീകൃത സ്വഭാവമുള്ള വാങ്ങലിന് മൊത്തം ആവശ്യകത കണക്കാക്കാതെ പർച്ചേസിംഗ് നടത്തി

പദ്ധതി നം. 73/22 (വയോജനങ്ങൾക്ക് കട്ടിൽ- ജനറൽ, ബിൽ നം. 21/11.1.2022 ) പദ്ധതിയിൽ ഉൾപ്പെടുത്തി 145 കട്ടിലുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. (നിർവ്വഹണ ഉദ്യോഗസ്ഥ -ഐ.സി.ഡി.എസ് സൂപ്പർവൈസർ). കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ (KADCO) നിന്നും മഹാഗണി മരം കൊണ്ട് നിർമ്മിച്ച 198 Cm X 90 Cm, Front Leg- 60 Cm Ht, Back Leg – 50 Cm Ht 8mm Thickness Plywood Top സ്പെസിഫിക്കേഷനോടു കൂടിയ കട്ടിലിന് 4179/- രൂപ നിരക്കിലാണ് ടെണ്ടർ കൂടാതെ വാങ്ങൽ നടത്തിയത്. ടി വാങ്ങലിന് ഭരണസമിതി തീരുമാനം ലഭ്യമായിട്ടുണ്ട് (കമ്മിറ്റി തീരുമാനം 13(9) തീയതി 10.12.2021).

അസി. സെക്രട്ടറി 2021-22 വർഷത്തിൽ നടപ്പിലാക്കിയ 110/22 (വയോജനങ്ങൾക്ക് കട്ടിൽ- ജനറൽ, ബിൽ നം. 18/24.3.2022 ) പദ്ധതി പ്രകാരം പർച്ചേസിംഗ് നടത്തിയതിന് കീർത്തി ഫർണ്ണിച്ചർ, എടവിലങ്ങ് എന്ന സ്ഥാപനം കട്ടിലുകൾക്ക് ക്വാട്ട് ചെയ്ത നിരക്കുകൾ താഴെ ചേർക്കുന്നു.

1. മഹാഗണി മരം - 2995/-

2. ആഞ്ഞിലി മരം - 3410/-

3. തെങ്ങ് - 2995/-

4. മഹാഗണി മരം , ആഞ്ഞിലി ഹെവി ടോപ്പ്- 3910/-

ടി പർച്ചേസ് 04.03.2022 ലെ പർച്ചേസിംഗ് കമ്മിറ്റി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുണ്ട്.

ഒരേ സാമ്പത്തിക വർഷത്തിൽ നടന്ന ഏകീകൃത സ്വഭാവമുള്ള വാങ്ങലിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവർ ആകെ ആവശ്യകത കണക്കാക്കി ഇൻഡന്റ് തയ്യാറാക്കാത്തതിനാലും, പദ്ധതി രൂപീകരണ പ്രക്രിയ

സമയബന്ധിത നടപടിക്രമം പാലിക്കാത്തതിനാലുമാണ് ഇപ്രകാരം വ്യത്യസ്ത സമയങ്ങളിലും വ്യത്യസ്ത നിരക്കിലും പർച്ചേസിംഗ് നടത്തിയത് എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇത്തരത്തിലുള്ള അപാകതകൾ മൂലം മിതവ്യയത്വം പാലിക്കാൻ സാധിക്കില്ല. ഇക്കാര്യത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 15/19.10.2022)

## 1-23 സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികൾ - ധനവിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ / വൗച്ചർ നമ്പർ | റിമാർക്സ് | പരാമർശം |
|---|---|---|---|---|---|---|
| 1. | 146/22- സ്ട്രീറ്റ് മെയിൻ വലിക്കൽ | 1,00,000/- | 1,00,000/-/- (ധന കാര്യ കമ്മീഷൻ ഗ്രാന്റ്) | 22101311/ 18. 03.2022 തുക 510088 | AS/5118/21-22 തീയതി 10.03.2022 നം. എസ്റ്റിമേറ്റ് പ്രകാരം(എസ്റ്റിമേറ്റ് തുക- 987418/-) ഡിവിഷന് 510088/-രൂപ KSEB വലപ്പാട് സെക്ഷന് കൈമാറി. | ധനവിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KSEB റിപ്പോർട്ട് എന്നിവ ഇല്ല. |
| 2. | 247/22- സ്ട്രീറ്റ് മെയിൻ വലിക്കൽ | 106400/- | 477330/-ധന കാര്യ കമ്മീഷൻ ഗ്രാന്റ്) | 22101312/ 18.03.2022 | AS/5118/21-22 തീയതി 10.03.2022 നം. എസ്റ്റിമേറ്റ് പ്രകാരം(എസ്റ്റിമേറ്റ് തുക- 987418/-) ഡിവിഷന് 477330/-രൂപ KSEB വലപ്പാട് സെക്ഷന് കൈമാറി. | ധനവിനിയോഗസാക്ഷ്യപത്രം, ഫൈനൽ ബിൽ, പണി പൂർത്തീകരിച്ചതിന്റെ KSEB റിപ്പോർട്ട് എന്നിവ ഇല്ല. |
| 3. | 210/22 ലൈഫ് മിഷൻ സ്ഥലം വാങ്ങൽ | 7007500/- | 2007500/-(തനത് ഫണ്ട്) + 5000000 (ജില്ലാ പഞ്ചായത്ത് വിഹിതം) | 22101145/ 18.02.2022 22101156/ 19.02.2022 | പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് ഭവന സമുച്ചയം നിർമ്മിക്കുന്നതിന് വേണ്ടി 367/3, 367/5 സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 17.4 + 5.29 ആർ ഭൂമി ശ്രീമതി ലിസി മഞ്ഞളി എന്നവരിൽ നിന്നും | ടി സ്ഥലം പോക്കുവരവ് നടത്തി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വാങ്ങിയിട്ടുണ്ട്. | |

മേൽ പരാമർശം പ്രകാരമുള്ള രേഖകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 28/20.10.2022)

## 1-24 പകൽ വീട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - 119/22 |
| | - പകൽ വീട് ഭൗതിക സാഹചര്യം ഒരുക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് | - 39360/ -( തനത് ഫണ്ട്) |
| വൗച്ചർ നം. | 22101226/ 10.03.2022 |

ടി പദ്ധതിയിൽ ഉൾപ്പെടുത്തി മേശ - 4 എണ്ണം, കട്ടിൽ - 4 എണ്ണം, ഫൈബർ കസേര – 30 എണ്ണം എന്നിവ BSGST കുറ്റിപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. നിലവിൽ പകൽവീട് പ്രവർത്തനക്ഷമമാണോയെന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് 2022-23 വാർഷിക പദ്ധതിയിലുൾപ്പടുത്തി പകൽവീട്ടിലേക്ക് ഭക്ഷണം, കെയർ ടേക്കർ എന്നിവയ്ക്ക് വിഭാവനം ചെയ്തിട്ടുണ്ടെന്നും ആയത് നടപ്പിലാക്കുന്ന മുറയ്ക്ക് പകൽവീട് പ്രവർത്തനക്ഷമമാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിന്റെ തുടർനടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-25 ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ-ചെലവു തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | - 155/22 |
| | ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | - 500000/- |
| ചെലവ് | - 413000/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| വൗച്ചർ നം. | 22101260/ 14.03.2022 |

വലപ്പാട് ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള മെറ്റീരിയൽ ഫെസിലിറ്റേഷൻ സെന്ററിലേയ്ക്ക് (MCF) ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ടെണ്ടർ നടപടി സ്വീകരിച്ചതിൽ 2 വർഷ വാറണ്ടി നല്കുന്ന പ്രകൃതി, ആലുവ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 24.01.2022 ലെ പ്രോക്യൂർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 75/10.02.2022 പ്രകാരമുള്ള Hydraulic Bailing Machine With 7.5 Hp Motor, Power Back, Push Button Operated Control Panel, Oil Etc സ്പെസിഫിക്കേഷനോടു കൂടിയ മെഷീൻ സ്ഥാപനത്തിൽ നിന്നും ലഭ്യമായി MCF ലേക്ക് നല്കിയിട്ടുണ്ട്. 20.10.2022 ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ടി മെഷീൻ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത അവസ്ഥയിലാണ് കണ്ടത്. കൂടാതെ MCF വൈദ്യുതീകരണം നടത്തിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 28/20.10.2022)

മേൽ വിഷയത്തിൽ ഓഡിറ്റ് എൻക്വയറി നൽകിയതിന് അടിയന്തിരമായി ബെയ്‌ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനായി ശുചിത്വമിഷൻ ശുപാർശ ചെയ്തതനുസരിച്ചാണ് പർച്ചേസ് നടത്തിയതെന്നും 2022-23 ലെ പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് ഇലക്ട്രിക് സെക്ഷൻ പരിശോധന നടത്തി എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ടി മെഷീൻ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതു വരെ ചെലവു തുക 413000/ - തടസ്സപ്പെടുത്തുന്നു.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ-മാർഗരേഖ പാലിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മിസ്ട്രസ്

പ്രൊജക്റ്റ് 61/21-22 പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിലെ 78 പട്ടികജാതി വിദ്യാർത്ഥികൾക്ക് BSGST ഏജൻസീസിൽ നിന്നും മേശയും കസേരയും വാങ്ങി നൽകുന്നതിനായി 318240/- രൂപ (വൗച്ചർ നം. 22101594 തി. 14.2.22) ചെലവഴിച്ചിട്ടിട്ടുണ്ട്.

ജി.ഒ. (എം.എസ്.)നം.22/2018/ത.സ്വ.ഭ.വ തീ.14.2.2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7.2.7പ്രകാരം ഗുണഭോക്താക്കൾക്ക് പട്ടികജാതി വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ നേരത്തെ ഫർണീച്ചർ ലഭിച്ചിട്ടില്ലെന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്. ഫർണിച്ചർ കൈപ്പറ്റിയ വിദ്യാർത്ഥികൾ പട്ടികജാതി വികസന വകുപ്പിൽ നിന്നും നേരത്തെ ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന പട്ടികജാതി വികസന ഓഫീസറിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി (നം .9 തീയതി.18.10.22)

## 1-27 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് -പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ –ഹെഡ്മിസ്ട്രസ്

പ്രോജ്കട് 5 9/21-22

വൗച്ചർ നം. 22101594 തി. 14.2.22 തുക –318240

പദ്ധതി പ്രകാരം 78 എസ്.സി വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം. ITP/14101/21-22 തീ. 24.03.22 ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്നതിനായുള്ള രേഖ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി (നം .9 തീയതി.18.10.22)

## 1-28 വാങ്ങലുകൾക്ക് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരം ഇല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ജി.ഒ (പി)നം.259/2010/തസ്വഭവ തീ. 8.11.2010). പ്രസ്തുത മാർഗ്ഗരേഖ അനുസരിച്ച് സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾക്ക് അംഗീകാരം നൽകേണ്ടത് പ്രൊക്യൂർമെന്റ് കമ്മറ്റിയാണ്. എന്നാൽ ഹെഡ്മിസ്ട്രസ് നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ(പ്രൊജക്ട് 61/21-22), കൃഷി ഓഫീസർ നടപ്പിലാക്കിയ കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടറും കളർ പ്രിന്ററും വാങ്ങൽ (പ്രൊജക്ട് 275/21-22) എന്നീ പദ്ധതികൾക്കൊന്നും പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ തീരുമാനം ഇല്ലാതെയാണ് വാങ്ങലുകൾ നടത്തിയിരിക്കുന്നത്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങലുകൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-29 മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് - കെൽട്രോണിൽ നിന്നുള്ള ബിൽ ഹാജരാക്കേണ്ടതാണ്

നിർവ്വഹണോദ്യോഗസ്ഥൻ –ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രൊജക്ട് S0190/21-22

വൗച്ചർ നം.20100587 തിയതി26.7.21 തുക272290

മത്സ്യതൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലാപ്ടോപ്പ് പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം.TVM/ITBC/P1/RC/ 28096/20-21 തിയതി 19.7.21 പ്രകാരം 10 ലാപ്ടോപ്പുകൾ വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നുള്ള ഒറിജിനൽ ബിൽ ഹാജരാക്കിയിട്ടില്ല. ഒറിജിനൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-30 കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് അനുവദിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ – ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രൊജക്ട് 52/21-22

വൗച്ചർ നം.22101689 തിയതി 24.3.22 തുക ₹483791

പദ്ധതി പ്രകാരം മേൽ തുക കേരള ഐടി മിഷന് കൈമാറിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

എ) കേരള ഐടി മിഷനിൽ നിന്നുള്ള ബിൽ/പ്രൊഫോർമ ഇൻവോയ്സ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ എത്ര ലാപ്ടോപ്പുകളാണ് വാങ്ങിയതെന്നും ലാപ്ടോപ്പിന്റെ നിരക്ക് സംബന്ധിച്ച വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ

സാധിച്ചില്ല.

ബി) കേരള ഐടി മിഷനുമായി കരാറിലേർപ്പെട്ടില്ല

സി) അശ്വനി രാജൻ എന്ന ഗുണഭോക്താവ് ഹാജരാക്കിയ സ്ഥാപന മേധാവിയുടെ സാക്ഷ്യപത്ര പ്രകാരം വലപ്പാട് മായ കോളേജിൽ 2014-16 വർഷത്തിൽ B.com. Corporation കോഴ്സിന് പഠിച്ചിരുന്നു എന്നാണ് പ്രൈവറ്റ് കോളേജിൽ പഠിക്കുന്ന ഗുണഭോക്താവ് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയില്ല. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് അനുവദിച്ചത് മാർഗരേഖ വിരുദ്ധമാണ്.

മേൽ അപാകതകളുള്ളതിനാൽ പദ്ധതിക്കായി ചെലവഴിച്ച തുക (₹483791) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം 3/17.10.2022

## 1-31 മത്സ്യതൊഴിലാളികൾക്ക് ഐസ് ബോക്സും മോട്ടോർ സൈക്കിളും -പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ – ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രൊജക്ട് : 236/21-22 :- മത്സ്യതൊഴിലാളികൾക്ക് ഐസ് ബോക്സും മോട്ടോർ സൈക്കിളും

വൗച്ചർ നം.22101623തിയതി 8.3.22 തുക57000

വൗച്ചർ നം.22101643തിയതി 14.3.22 തുക85500

പദ്ധതി പ്രകാരം സബ്സിഡി തുകയായി 28500 രൂപ 5 ഗുണഭോക്താകൾക്ക് മേൽ ബിൽ പ്രകാരം അനുവദിച്ചിട്ടുണ്ട്. വാഹനം വാങ്ങിയതിനു മാത്രമാണ് സബ്സിഡി തുക അനുവദിച്ചിരിക്കുന്നത്. ഐസ് ബോക്സ് വാങ്ങിയിട്ടില്ല. മാർഗരേഖ പ്രകാരം മത്സ്യ വിൽപനക്കല്ലാതെ ഈ പദ്ധതിയിൽ ലഭിച്ച വാഹനം മറ്റിതര ചരക്കുകൾ കടത്തുവാൻ ഉപയോഗിക്കുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഐസ് ബോക്സ് ഇല്ലാതെ വാഹനം മത്സ്യ വിൽപനക്കായി ഉപയുക്തമല്ല. ആയതിനാൽ തന്നെ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാനായില്ല. മേൽ ഗുണഭോക്താവ് മോട്ടോർ സൈക്കിൾ വിപണനത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഐസ് ബോക്സ് മത്സ്യഫെഡിൽ ലഭ്യമല്ല എന്നാണ് ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 3/17.10.2022) മറുപടി നൽകിയിരിക്കുന്നത്.

പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വാഹനം വാങ്ങിയതിന്റെ ബിൽ, രജിസ്റ്റ്രേഷൻ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഗുണഭോക്താക്കളുടെ പേര് | ഹാജരാക്കേണ്ട രേഖകൾ |
|---|---|
| ബാബു എം കെ | വാഹനം വാങ്ങിയതിന്റെ ബിൽ, |
| നിജീഷ് | വാഹനം വാങ്ങിയതിന്റെ ബിൽ, രജിസ്റ്റ്രേഷൻ രേഖകൾ |
| സജീവൻ | വാഹനം വാങ്ങിയതിന്റെ ബിൽ |
| ഉണ്ണികൃഷ്ണൻ | വാഹനം വാങ്ങിയതിന്റെ ബിൽ |

മേൽ കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച തുക ₹142500 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 നാഷണൽ ഹൈവേ വികസനം-പഞ്ചായത്ത് വക റോഡ് ഭാഗങ്ങൾ ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്

നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് ഇപ്പോൾ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങൾ ആയത് കടന്നുപോകുന്ന ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി വലപ്പാട് ഗ്രാമപഞ്ചായത്തിലും പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പല റോഡ് ഭാഗങ്ങളിലൂടെയും പുതിയ നാഷണൽ ഹൈവേ 66 കടന്നുപോകുന്നുണ്ട്. ആയതിന്റെ ഭാഗമായി താഴെ സൂചിപ്പിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നമ്പർ 11/18/10/22 പ്രകാരം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിട്ടുണ്ട്.

1. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന നാഷണൽ ഹൈവേ 66 ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം റോഡ് ഭാഗങ്ങളിലൂടെയാണ്/റോഡിലൂടെയാണ് കടന്നുപോകുന്നത് ? ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഏതെങ്കിലും ആസ്തി ഈ ഹൈവേ കടന്നു പോകാനിരിക്കുന്ന ഭാഗത്ത് സ്ഥിതി ചെയ്യുന്നുണ്ടോ?

2. ഗ്രാമപഞ്ചായത്തിന്റെ വക ആസ്തിയായിട്ടുള്ള റോഡ്/ റോഡ് ഭാഗങ്ങൾ/ഭൂമി/കെട്ടിടങ്ങൾ കൈയൊഴിയുനന്നതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയുമായി എന്തെങ്കിലും കത്തിടപാടുകൾ, ഉടമ്പടികൾ , ധാരണകൾ നടത്തിയിട്ടുണ്ടോ?

3. ഇതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി ഗ്രാമപഞ്ചായത്തുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയിട്ടുണ്ടോ?

4. ഗ്രാമപഞ്ചായത്തിന്റെ മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി നീക്കം ചെയ്തിട്ടുണ്ടോ?

മേൽ സൂചിപ്പിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എൻജിനീയർ എന്നിവർക്ക് നൽകുകയുണ്ടായി. ആയതിന് അസി. എൻജിനീയർ നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത് ഇതുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്നോ ഗ്രാമപഞ്ചായത്തിൽ നിന്നോ നാളിതുവരെ യാതൊരു കത്തിടപാടുകളും ലഭിച്ചിട്ടില്ല എന്നാണ്. ഗ്രാമപഞ്ചായത്ത് ആസ്തികളുടെ സൂക്ഷിപ്പുകാരനായ സെക്രട്ടറി ഇക്കാര്യത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്. 2005-ലെ കേരളാ പഞ്ചായത്തുരാജ് ചട്ടങ്ങൾ പ്രകാരമുള്ള വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടങ്ങളിലെ അദ്ധ്യായം 2 (വസ്തു കൈയൊഴിയൽ) ചട്ടം 6 അനുസരിച്ച് പഞ്ചായത്തിന്റെ സ്വന്തമായിട്ടുള്ള വസ്തുക്കൾ വില്പന വഴി കൈമാറ്റം ചെയ്യുവാനാണ് സർക്കാരിന്റെ മുൻകൂർ അനുവാദത്തോടെ വ്യവസ്ഥയുള്ളത്. ആസ്തികൾ മറ്റ് തരത്തിൽ കൈമാറ്റം ചെയ്യുവാൻ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. ഇതിന് താഴെ സൂചിപ്പിക്കുന്ന പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് മുമ്പ് സൂചിപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് കൂടിയുള്ള മറുപടിയാണ് മുമ്പ് കൊടുത്തിരിക്കുന്നത്.

1. നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വക ആസ്തി നാഷണൽ ഹൈവേക്ക് കൈമാറുന്നത് സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ ?

2. സർക്കാരിൽനിന്നും ഇത് സംബന്ധിച്ച് സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ടോ ?

3. നഷ്ടപരിഹാരം ലഭിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ/സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടായിട്ടുണ്ടോ?

4. വസ്തു ഏറ്റെടുക്കുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റി അധികാരികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ? നാഷണൽ ഹൈവേ അക്വിസിഷനുമായി ബന്ധപ്പെട്ട് ഭൂമി കൈയൊഴിയുന്ന സ്വകാര്യ വ്യക്തികൾക്ക് ഗവ. ഏജൻസിയായ നാഷണൽ ഹൈവേ അതോറിറ്റി നഷ്ടപരിഹാര തുക നൽകിവരുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെട്ട റോഡ് ഭാഗങ്ങൾ ഉൾപെടെയുള്ള ആസ്തികൾ നാഷണൽ ഹൈവേ അതോറിറ്റി വികസനത്തിനായി ഏറ്റെടുക്കുമ്പോൾ സ്വാഭാവികമായും ആയതിന്റെ മൂല്യശോഷണം സംഭവിക്കുന്നതാകയാൽ, ന്യായമായും ആയതിന്റെ നഷ്ടപരിഹാരം ലഭിക്കേണ്ടതുതന്നെയാണ്. ആയതിനാൽ ഇക്കാര്യം എത്രയും വേഗം ഭരണവകുപ്പിന്റെയും നാഷണൽ ഹൈവേ അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തി സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-33 കരാറുകൾ ആധികാരികമായി ചമക്കുന്നില്ല

2012-ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത്, കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്.

2012-ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമായി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 പ്രൈസ് സോഫ്റ്റ് വെയർ അപാകത - ഓവർഹെഡ് ചാർജ് അധികം നൽകുന്നു

7/5/19 ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ.(എം.എസ്) 74/19 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10%

കോൺട്രാക്ടറുടെ ലാഭം കൂട്ടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-35 കാലി ബാരൽ വില ഈടാക്കിയിട്ടില്ല

ബിറ്റുമിൻ, ഇമൽഷനുകൾ എന്നിവ ആവശ്യമായി വരുന്ന റോഡ് പ്രവൃത്തികളിൽ നിലവിലുള്ള സ്പെസിഫിക്കേഷൻ പ്രകാരം പാക്കഡ് ബിറ്റുമിൻ ആണ് ഉപയോഗിക്കുന്നത്. ഇത്തരം സംഗതികളിൽ കാലി ബാരലിന്റെ വിലയായ 238/- രൂപയും അതിൻമേലുള്ള ചരക്കുസേവനനികുതിയും ഈടാക്കേണ്ടതാണെങ്കിലും അപ്രകാരം ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ കരാറുകാർക്ക് എക്സസ് കോസ്റ്റ് ഓഫ് ബിറ്റുമിൻ ഇതുവരെ അനുവദിച്ചിട്ടില്ലെന്നും ആയതിനുള്ള പ്രോജക്റ്റുകൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും ആയത് നൽകുന്ന അവസരത്തിൽ ബിറ്റുമിന്റെ വില ഈടാക്കാമെന്ന് അസി. എൻജിനീയർ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 7/18/10/22) ഭാവിയിൽ കരാറുകാർക്ക് കാലി ബാരൽ വില ഈടാക്കിക്കൊണ്ട് തുക അനുവദിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-36 പഞ്ചായത്ത് ഓഫീസ് നവീകരണം-കരാർ കാലയളവ് രേഖപ്പെടുത്തിയിട്ടില്ല

അസി. എൻജിനീയർ നി. ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഈ പ്രോജക്റ്റ് സംബന്ധിച്ച പൊതുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നം | 8/22 |
| അടങ്കൽ | 1500000/ വികസന ഫണ്ട് ജനറൽ<br>1229603/ തനതു ഫണ്ട്<br>ആകെ-2729603/ രൂപ |
| കരാറുകാർ | M/s ആർട്ട് കോ ലിമിറ്റഡ് |
| കരാർ തീയ്യതി | 16/10/21 |
| ബിൽ നം/ വൗച്ചർ നം, തുക | 8/22/10/3/22, 1500000/<br>22101426/30/3/22, 1218060/<br>ആകെ - 2718060/ രൂപ |

പഞ്ചായത്ത് മീറ്റിങ് ഹാൾ, സ്റ്റാന്റിങ് കമ്മിറ്റി ക്യാബിൻ, പ്രസിഡന്റിന്റെ ക്യാബിൻ, വൈസ് പ്രസിഡന്റിന്റെ ക്യാബിൻ, സെക്രട്ടറി ക്യാബിൻ, ഫ്രന്റ് ഓഫീസ് എന്നിവിടങ്ങളിൽ വാൾ പാനലിങ്, ജിപ്സം സീലിങ്, എക്സിക്യൂട്ടീവ് ടേബിളുകൾ, എയർ കണ്ടീഷണർ, എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കൽ, വാൾ പോളിഷിങ്, പാർടിഷൻ വാൾ തിരിക്കൽ, കർട്ടൻ സ്ഥാപിക്കൽ എന്നിവയാണ് കരാർ പ്രകാരമുള്ള പ്രവൃത്തികൾ. എന്നാൽ കരാർ ചമച്ചപ്പോൾ ഗ്യാരണ്ടി കാലയളവ് രേഖപ്പെടുത്താത്തത് ഓഡിറ്റ് എൻക്വയറി നം. 6/19/10/22 പ്രകാരം ചൂണ്ടിക്കാട്ടിയപ്പോൾ അക്കാര്യം വിട്ടുപോയതാണെന്നും കരാറുകാരെക്കൊണ്ട് ഗ്യാരണ്ടി കാലയളവ് രേഖപ്പെടുത്താമെന്നും അസി. എൻജിനീയർ വ്യക്തമാക്കിയിട്ടുണ്ട്. ഭാവിയിൽ കരാറുകൾ ചമക്കുമ്പോൾ ആയത് കുറ്റമറ്റമാണെന്ന് ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-37 കന്നുകുട്ടി പരിപാലനം - പദ്ധതി പ്രവർത്തനം നിരീക്ഷിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ സീനിയർ വെറ്ററിനറി സർജൻ നി. ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കന്നുകുട്ടി പരിപാലനപദ്ധതിയുടെ ഭാഗമായി ബിൽ നം. P 10/21-22/29/10/21 പ്രകാരം 312500 രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

ഭാവിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് വിട്ടുപോകുന്ന ഗുണഭോക്താക്കളുടെ വിവരം ശേഖരിച്ച് അവർക്ക് വേണ്ടി ചെലവഴിച്ച പദ്ധതി വിഹിതം സഞ്ചിതനിധിയിൽ അടവാക്കി വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നുള്ള 29/21/10/22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ആയത് ചെയ്യാമെന്ന് നി. ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്.

## 1-38 മൃഗാശുപത്രി കെട്ടിടം -ഫിറ്റ്നസ് ഇല്ല, ശോചനീയാവസ്ഥയിൽ

21/10/22-ന് ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയറുടെ സാന്നിദ്ധ്യത്തിൽ ഗ്രാമപഞ്ചായത്തിലെ മൃഗാശുപത്രി കെട്ടിടം സന്ദർശിച്ചു. ഈ കാര്യാലയം വളരെ ശോചനീയാവസ്ഥയിലാണെന്ന് കാണുകയുണ്ടായി. ചാവക്കാട് പി.ഡബ്ളിയു.ഡി. അസി. എൻജിനീയർ 22/3/18 ന് ഈ കെട്ടിടത്തിന് അൺഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്

(നം.30/12/22/3/18) ഈ സർട്ടിഫിക്കറ്റ് അനുസരിച്ച് മൃഗാശുപത്രി ഇവിടെ തുടരാൻ കഴിയുന്നതല്ല.

മുൻഭാഗം മാത്രം ടെറസ് ചെയ്ത ഈ കെട്ടിടത്തിന്റെ ബാക്കി ഭാഗം ഓടുമേഞ്ഞതാണ്. മുറിയിൽ മേൽക്കൂരയിലേക്ക് നോക്കിയാൽ ഓടുമേഞ്ഞത് പൊട്ടിയിട്ടുണ്ട് എന്നു കാണാം. പിന്നിൽ മൃഗങ്ങൾക്ക് ചികിത്സ നൽകുന്നതിനായി ചെരിച്ച് പണിതിരിക്കുന്ന ഭാഗത്തും ഓടുകൾ പൊട്ടിപ്പൊളിഞ്ഞിട്ടുണ്ട്.

കോൺക്രീറ്റ് ചെയ്ത ഭാഗത്ത് പ്ളാസ്റ്ററിങ്ങ് ഇളകി കമ്പി പൊട്ടിപ്പൊളിഞ്ഞ് കാണാമായിരുന്നു.

മേൽ സാഹചര്യത്തിൽ ഇക്കാര്യത്തിൽ എത്രയും വേഗം ക്രിയാത്മകമായ നടപടികളെടുത്ത് നിലവിലുള്ള അപകടാവസ്ഥ തരണം ചെയ്യേണ്ടതാണ്.

## 1-39 97 നമ്പർ അംഗണവാടി തടസ്സം നീക്കി പ്രവർത്തനം പുനരാരംഭിക്കേണ്ടതാണ്

20/10/22 ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ ഈ അങ്കണവാടി 17/10/22 വരെ പ്രവർത്തിച്ചിരുന്നതായും (ഹെൽപ്പർ സൂചിപ്പിച്ച പ്രകാരം) 18/10/22 ന് സമീപത്തെ കാവിലുള്ള മരങ്ങൾ വീണ് അങ്കണവാടിയിലേക്ക് പ്രവേശിക്കുവാൻ സാധിക്കാത്ത വിധം വഴി തടസ്സപ്പെട്ടതായും കാണുകയുണ്ടായി. അങ്കണവാടി പുനർപ്രവർത്തനം നടത്തുന്നതിനായി എത്രയും വേഗം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 തൊഴിലുറപ്പുപദ്ധതി പ്രവർത്തനം

സാമ്പത്തികവർഷം 383 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 198 പ്രോജക്ടുകളാണ് പൂർത്തീകരിച്ചത്. 5916 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 1231 കുടുംബങ്ങൾ തൊഴിലെടുത്തു. 550 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു. പ്രധാനമായും ഭൂവികസന പ്രവൃത്തികൾക്കും മരം വെച്ച് പിടിപ്പിച്ച് വരൾച്ച തടയൽ പ്രവൃത്തിക്കാണ് കൂടുതൽ തുക ചെലവിട്ടത്. ഇവക്കായി യഥാക്രമം 24880050/- രൂപയും 3328557/- രൂപയും ചെലവഴിച്ചു. 4 റോഡുകൾ നിർമിക്കാൻ 345644/- രൂപ ചെലവിട്ടു. പരമാവധി കുടുംബങ്ങൾക്ക് 100 ദിവസം തൊഴിൽ നല്കുവാനും ആവിഷ്കരിക്കുന്ന പദ്ധതികൾ പൂർത്തീകരിയ്ക്കാനും ആസ്തി നിർമ്മാണത്തിന് കൂടുതൽ പ്രാധാന്യം നല്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ക്വാറി മക്ക് വില-പ്രൈസ്, എൻ. ആർ, ഇ. ജി. എസ്. നിരക്കുകൾ തമ്മിൽ ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ നിർവഹണം നടത്തുന്ന റോഡ് പ്രവൃത്തികളിൽ ഈ ഇനത്തിനുള്ള നിരക്ക് 891.01/M3 ആണെന്നിരിക്കെ തൊഴിലുറപ്പുപദ്ധതിക്ക് ഈ ഇനത്തിന് രണ്ട് പ്രവൃത്തികൾക്ക് 1263.48/M3, ഒരു പ്രവൃത്തിക്ക് 1514.015 എന്നിങ്ങനെ നൽകിയിട്ടുണ്ട്. ത.സ്വ.ഭ.വ. സ്ഥാപനങ്ങളിൽ ഒരേ ഇനത്തിന് വ്യത്യസ്ത നിരക്കുകൾ നൽകുന്നത് വലിയ അപാകതയാണ്. ആയതിനാൽ ആ അപാകത പരിഹരിക്കാൻ ഇക്കാര്യം ചീഫ് എൻജിനീയറുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 350000 | 4-ബാല സൗഹൃദ ജില്ലാ-അനുപൂരക പോഷകാഹാര പരിപാടി | 350000 |
| | | 350000 | 70-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 350000 |
| | | 114500 | 78-ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് -എസ് സി | 114500 |
| | | 27520 | 79-സുഭിക്ഷ കേരളം-കറവപശുക്കൾക്ക് കാലിത്തീറ്റ | 27520 |
| | | 200000 | 89- ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക പാലിന് സബ്സിഡി | 200000 |
| | 2021-22 | 474666 | 80-ാം നമ്പർ അംഗണവാടിക്ക് സമീപമുള്ള തോടിന് സൈഡ് കെട്ടി സംരക്ഷണം | 474666 |
| | | 30000 | 100-സുഭിക്ഷ കേരളം - ജൈവ പച്ചക്കറി കൃഷി | 30000 |
| | | 25000 | 104-സുഭിക്ഷ കേരളം-സമഗ്ര നെൽകൃഷി വികസനം-വിത്ത്-കൂലിചെലവ് സബ്ബസിഡി ജനറൽ | 25000 |
| | | 100000 | 112-പെയിൻ പാലിയേറ്റിവ് കെയർ | 100000 |
| | | 108003 | 235-ഭിന്നശേഷി- ഇലക്ട്രിക് വീൽ ചെയർ | 108003 |
| | | 248237 | 258-ആയുർവേദ ആശുപത്രി കുളം നവീകരണവും സൌന്ദര്യവത്ക്കരണവും | 248237 |
| | | | 259-വെന്നിക്കൽ റോഡിൽ ഹൈസ്കൂൾ ഗ്രൗണ്ടിന് സമീപമുള്ള റോഡിൻറെ വശങ്ങളിലും ചന്തപ്പടിയിൽ നിന്ന് കിഴക്കോട്ട്സെമിത്തേരി റോഡ് വരെ റോഡിൻറെ വശങ്ങളിൽ ടൈൽ വിരിക്കലും കോൺക്രീറ്റിംഗം | 309646 |
| | ആകെ | 2337572 | | 2337572 |
| ജില്ലാ പഞ്ചായത്ത് | | 500000 | 4-ബാല സൗഹൃദ ജില്ലാ-അനുപൂരക പോഷകാഹാര പരിപാടി | 500000 |
| | | 500000 | 70-ശാരീരിക മാനസിക | 500000 |

| | | | |
|---|---|---|---|
| | | വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | |
| | 100000 | 89-ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക പാലിന് സബ്സിഡി | 100000 |
| | 37310 | 137-കോവിഡ് പ്രതിരോധ പ്രവർത്തനം- കോവിഡ് സെൻററിലേക്കുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്കും ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിനും | 37310 |
| | 5000000 | 210-ലൈഫ് മിഷൻ സ്ഥലം വാങ്ങൽ | 5000000 |
| ആകെ | 6137310 | | 6137310 |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്. ലഭിച്ച തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ 2021-22

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | 146-STREET MAIN വലിക്കൽ | 22101311/ 18.11.2022 22101143/ 16.02.2022 | 1000000 | 1000000 |
| KSEB | 247-സ്ട്രീറ്റ് മെയിൻ വലിക്കൽ രണ്ടാം ഘട്ടം(EGAF) | 22101312/ 18.03.2022 | 477330 | 477330 |
| KSEB | 274-വിവിധ വാർഡുകളിലെ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 22101583/ 09.02.2022 | 21586 | 21586 |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അപാകത ഖ.1-10-15 ൽ സൂചിപ്പിച്ചിട്ടുണ്ട്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്

ഇല്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച്-

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 16420996 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | പലിശ- 1163451 | |

| | | | |
|---|---|---|---|
| 3 | ആകെ | 17584447 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17584447 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക<br><br>17584447 |
| | | | |

## 4-6 ഓഡിറ്റ് റിക്കവറി (2020-21)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./ തീയതി |
|---|---|---|---|---|
| 2012-2013 | 3-10(2) | 8000 | FO, IKM | 121100500175 10/03/22(ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം) |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2007-08 | 2007-08 | 3.49.1 | | |
| 2015-16 | | 2-2 | സ്ഥാപന തൊഴിൽ നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്തിന്റെ അടിസ്ഥാനത്തിലാണ്. | അനന്തര കുറിപ്പ് പ്രകാരം ഒഴിവാക്കിയിട്ടുണ്ടെങ്കിലും സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതിനാൽ പരാമർശം തുടരുന്നു. |
| 2015-16 | | 2-4 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല- ബി എസ് എൻ എൽ വലപ്പാട്, കെ.എസ്.ഇ.ബി വലപ്പാട്, കെ.എസ്.ഇ.ബി തൃപ്രയാർ എന്നീ സ്ഥാപനങ്ങൾ 2015-16 സാമ്പത്തിക വർഷത്തിൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | ടി സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് കത്ത് നല്കിയിട്ടുണ്ട്. |

സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 130707712 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 120359153 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1039291 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 413000 | ജോയ്സി വർഗ്ഗീസ്.പി, സെക്രട്ടറി |
| 1-30 | 483791 | അൻസിൽ പി.എം, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-31 | 142500 | അൻസിൽ പി.എം, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| ആകെ | 1039291 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോയ്സി വർഗ്ഗീസ്. പി | സെക്രട്ടറി, ചാഴൂർ ഗ്രാമപഞ്ചായത്ത് | പള്ളിക്കുന്നത്ത് വീട്, കണ്ടശാംകടവ്-680613 PH: 9497626205 |
| അൻസിൽ പി. എം | ഫിഷറീസ് സബ് ഇൻസ്പെക്ടർ, വലപ്പാട് ഗ്രാമപഞ്ചായത്ത് | പുതുപറമ്പിൽ വീട്,എടവിലങ്ങ്, കൊടുങ്ങല്ലൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1995-96 | LFT 14-713/01 Dtd.27.08.01/ 05.11.01 | 1 | 18 | |
| 2 | 1996-97 | LFT 13-610/98 Dtd.16.02.99 | 4 | 20, 35, 58, 45(a)(b) | |
| 3 | 1997-98 ചെലവ് | LFT 14-1117/02 Dtd.05.02.03 | 6 | 6, 9, 12, 15, 21, 22(a) | |
| 4 | 1998-99 വരവ് | LFT 14-1118/02 Dtd.01.02.13 | 5 | 25, 26, 27, 28, 29 | |
| 5 | 1998-99 | LFT 14-1154/2000 Dtd.03.10.2000/ 18.01.2000 | 8 | 7, 10(2), 13, 18, 25, 26, 27, 29 | |
| 6 | 2000-01 ജനകീയാസൂത്രണം ഒഴികെ | LFT 14-505/04 Dtd.10.06.04 | 3 | 7, 8, 11 | |
| 7 | 2000-01 & 2001-02 ജനകീയാസൂത്രണം | LFT 14-1541/03 Dtd.06.03.04/ 07.10.04 | 3 | 5, 6, 8 | |
| 8 | 2001-02 | LFT 14-866/04 Dtd.03.11.04/ 06.04.07 | 1 | 6 | |
| 9 | 2002-03 | LFT 14-871/08 Dtd.31.05.06 | 7 | 3-2, 3-4, 3-12, 3-13, 3-16, 3-18, 3-22 | |
| 10 | 2003-04 | LFT 14-180/08 Dtd.11.12.09 | 7 | 3-1, 3-5, 3-8, 3-9(1) മുതൽ (5) വരെ, 3-10, 3-11, 3-12 | |
| 11 | 2004-05 | LFT 14-180/08 Dtd.11.12.09 | 9 | 3-2, 3-7, 3-7(1), 3-7(2), 3-7(3), 3-7(4), 3-7(5), 3-7(6), 3-7(7) | |
| 12 | 2005-06 | LFT 14-398/10 Dtd.16.09.10/ 04.05.11 | 2 | 3-2, 3-9 | |
| 13 | 2006-07 | LFT 14-399/10 Dtd.19.03.11/ 29.06.11 | 1 | 3-5 | |
| 14 | 2008-09 | LFT 14-1146/10 Dtd.03.06.11/ 29.06.11 | 1 | 3-2 | |
| 15 | 2009-10 | LFT P1-2521/14 Dtd.07.07.12/ 04.08.12 | 3 | 3-5, 3-6, 3-8 | |

| | | | | | |
|---|---|---|---|---|---|
| 16 | 2010-11 | LFT P1-253/12 Dtd.29.06.12/ 06.10.12 | 8 | 2-1, 2-2, 3-3, 3-6, 3-7, 3-8, 3-9, 3-10 | |
| 17 | 2011-12 | LFT P1-711/13 Dtd.15.01.14/ 12.03.17 | 3 | 3-5, 3-6(1), 3-7 | |
| 18 | 2012-13 | LFT P1-1539/14 Dtd.01.12.14 | 5 | 2-7, 3-1, 3-8, 3-15, 3-20 | |
| 19 | 2013-14 | KSA-TSR-P1-23/16 Dtd.15.01.16/ 06.02.16 | 10 | 2-1(b), 2-4, 2-7, 3-1, 3-3,<br>3-6, 3-7, 3-9, 3-10, 3-12 | |
| 20 | 2014-15 | KSA-TSR-P1-1033/16 Dtd.28.06.16 | 4 | 2-2, 3-3, 3-6, 3-7 | |
| 21 | 2015-16 | KSA-TSR-P1-2010/16 Dtd.25.12.06 | 2 | 2-4, 3-1 | 2-4- CAR |
| 22 | 2016-17 | KSA-TSR-P1-1757/17 Dtd.04.12.17/ 30.12.17 | 17 | 2-1, 2-2, 2-6, 2-14, 2-15,<br>3-1, 3-2, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-13, 3-14, 3-15, 3-16 | |
| 23 | 2017-18 | KSA-TSR-P1-1813/18 Dtd.21.02.19 | 40 | 1-9, 1-12, 2-1, 2-2, 2-3, 2-4,<br>2-5, 2-6, 2-7, 2-8, 2-9, 2-10,<br>3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10,<br>3-11, 3-12, 3-13,<br>3-14, 3-15, 3-16, 3-17, 3-18,<br>3-19, 3-20, 3-21, 3-22, 3-23, 3-24, 3-25,<br>3-26, 3-27, 3-28 | |
| 24 | 2018-19 | KSA-TSR-P1-689/20 Dtd.28.07.20 | 9 | 1-12,1-13,1-14,<br>1-16,1-17,<br>1-21,1-25,<br>1-26,1-28 | |
| 25 | 2019-20 | KSA-TSR-P16-1353/21 Dtd.17.03.22 | 31 | 1-11,1-12,1-13,1-14,1-15, 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41 | |
| 26 | 2020-21 | KSA-TSR- | 39 | 1-11,1-12,1-13,1-14,1-15, | |

| | | | | | |
|---|---|---|---|---|---|
| | | P16-1354/21 Dtd.17.03.22 | | 1-16,1-17,1-18,1-19,1-20, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,1-32,1-33,1-34,1-35, 1-36,1-37,1-38,1-39,1-40, 1-41,1-42,1-43,1-44,1-45, 1-46,1-47,1-48,1-49 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ വലപ്പാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്